പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**05.02.2018** ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. **2370**

## ക്വാറികൾക്ക് പ്രവർത്തനാനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി.ജോർജ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം നിലവിൽ വന്നോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം നിലവിൽ വന്നിട്ടില്ല. കരട് 'വ്യവസായ നയം-2017' സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധതരം വലുതും, ചെറുതുമായ ക്വാറികളെ നിയന്ത്രിക്കുന്നതും, പ്രവർത്തനാനുമതി നൽകുന്നതുമായ പുതിയ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | (ബി) | സംസ്ഥാനത്തെ ചെറുകിട ധാതുക്കളെ സംബന്ധിച്ച ചെറുതും വലുതുമായ ക്വാറികളെ നിയന്ത്രിക്കുന്നതിനും പ്രവർത്തനാനുമതി നൽകുന്നതിനുമായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015 എന്നീ നിയമങ്ങൾ സർക്കാർ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തിരിച്ചാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തിരിച്ചല്ല. ക്വാറി പ്രവർത്തനം നടത്തുന്നതിന് റവന്യൂ അതിർത്തികളും ബാധകമാക്കിയിട്ടില്ല. എന്നിരുന്നാലും ജില്ലാ തലത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓഫീസുകൾ ഉള്ളതിനാൽ അതതു ജില്ലകളിലെ അനുമതി ജില്ലാ ഓഫീസുകളാണ് നൽകി വരുന്നത്. രണ്ട് ജില്ലകളിൽ ഉൾപ്പെടുന്ന ഒരു സ്ഥലത്തേക്ക് ക്വാറിയിംഗ് ലീസ് നൽകാൻ പാടില്ല എന്നും വ്യവസ്ഥയില്ല. |
| (ഡി) | ക്വാറി നടത്തുന്നതിന് നിയമപ്രകാരം മിനിമം എത്ര ഏക്കർ ഭൂമിയാണ് വേണ്ടത്; ആയത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ തിരിച്ചാണോ കണക്കാക്കുന്നത്; വിവരിക്കുമോ; | (ഡി) | ഒരു വർഷം വരെയുള്ള ഹ്രസ്വകാല ഖനന പെർമിറ്റുകൾ ഒരു ഹെക്ടറിൽ താഴെ വരുന്ന സ്ഥലത്തേക്കാണ് അനുവദിക്കുന്നത്. സ്ഥലം ഒരു ഹെക്ടറും അതിൽ കൂടുതലും ആണെങ്കിൽ 12 വർഷം വരെ കാലാവധിയുള്ള ദീർഘകാല ക്വാറിയിംഗ് ലീസുകൾ അനുവദിക്കുന്നു. കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ തിരിച്ചല്ല അനുമതി നൽകുന്നത്. |

(ഇ) ക്വാറി നടത്താനുള്ള ലൈസൻസിനായി, അതാത് സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണോ അപേക്ഷ നൽകേണ്ടത്; ക്വാറി നടത്താൻ ഏതൊക്കെ സ്ഥാപനങ്ങളിലെ എൻ.ഒ.സി ആവശ്യമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഖനനാനുമതിക്കായി മൈനിംഗ് & ജിയോളജി വകുപ്പിലാണ് അപേക്ഷ നൽകേണ്ടത്. ക്വാറി പ്രവർത്തിപ്പിക്കുന്നതിന് താഴെ വിവരിക്കുന്ന ലൈസൻസുകൾ ആവശ്യമാണ്.

1. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ക്വാറിയിംഗ് പെർമിറ്റ്/ ക്വാറിയിംഗ് ലീസ്
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി & ഒ ലൈസൻസ്
3. എക്സ്പ്ലോസീവ് ലൈസൻസ്
4. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ്
5. പരിസ്ഥിതി ക്ലിയറൻസ്
6. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ എൻ.ഒ.സി.

(എഫ്) പഞ്ചായത്ത് പരിധിയിൽ വരുന്ന ക്വാറി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്കുള്ള റോഡിന് മിനിമം എത്ര വീതി വേണമെന്നാണ് അനുശാസിക്കുന്നത്; വിശദമാക്കുമോ;

(എഫ്) റോഡിന്റെ മിനിമം വീതി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 ൽ പരാമർശിച്ചിട്ടില്ലാത്തതാണ്.

(ജി) പഞ്ചായത്ത് മേഖലകളിൽ ക്വാറി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ചുറ്റും എത്ര ദൂരപരിധിക്കുള്ളിൽ വാസഗൃഹങ്ങൾ പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നത്; വിശദമാക്കുമോ?

(ജി) 50 മീറ്ററിനുള്ളിൽ വാസഗൃഹം പാടില്ല എന്നാണ് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥ

Manjith

**സെക്ഷൻ ഓഫീസർ**